**ആരോഗ്യവകുപ്പ് ഡയറക്ടറുടെ നടപടിക്രമം**
**തിരുവനന്തപുരം**

---

വിഷയം:- ആവഡ-ജീവനക്കാര്യം-ശ്രീ.ജോൺസൺ അലക്സ്,ക്ലിനിക്കൽ സൈക്കോളജിസ്റ്റ് -പ്രൊബേഷൻ അവസാനിപ്പിച്ച് സർവ്വീസിൽ നിന്നും നീക്കം ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു

പരാമർശം:- **1.**നം ഇ1-**-9514/2021/**ജിമെ ആ കണ്ണൂർ തീയതി **9.5.2022**
**2.**ഇജി**1-39168/2021/**ആവഡ തീയതി **1.7.2022,307.2022** എന്ന നോട്ടീസ്
**3.10.7.2022,8.8.2022** തീയതിയിലെ ശ്രീ.ജോൺസൺ അലക്സ് ന്റെ മറുപടി

**ഉത്തരവ് നം: ഇജി1-14672/2023/ആവഡ തീയതി**: 09-06-2025

---

ശ്രീ.ജോൺസൺ അലക്സ് , ക്ലിനിക്കൽ സൈക്കോളജിസ്റ്റ് തസ്തികയിൽ കണ്ണൂർ ജില്ലാ ആശുപത്രിയിൽ **3.5.2009** തീയതിയിൽ സേവനത്തിൽ പ്രവേശിക്കുകയും **27.6.2009** മുതൽ തീയതി മുതൽ അഞ്ചു വർഷത്തേക്ക് ശൂന്യവേതനവധിയ്ക്കായി അപേക്ഷിക്കുകയും പ്രസ്തുത അവധി അനുവദിക്കുന്നതിന് മുൻപ് ടി വ്യക്തി അനധികൃതമായി സേവനത്തിൽ നിന്നും വിട്ട് നിന്നിരുന്നു. പരാമർശം **1** പ്രകാരം ജില്ലാമെഡിക്കൽ ഓഫീസർ അനധികൃതാവധി റിപ്പോർട്ട് ചെയ്തിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ ടിയാന്റെ പ്രൊബേഷൻ അവസാനിപ്പിക്കുന്നതിന് താൽക്കാലികമായി തീരുമാനിച്ച് പരാമർശം **2** പ്രകാരം കാരണം കാണിക്കൽ നോട്ടീസ് നൽകിയിരുന്നു, ടി തീരുമാനത്തിന് എതിരായി ടിയാൾക്ക് എന്തെങ്കിലും ബോധിപ്പിക്കാനുണ്ടെങ്കിൽ ആയത് നോട്ടീസ് ലഭിച്ച് **15** ദിവസത്തിനകം സമർപ്പിക്കുവാൻ നിർദ്ദേശിച്ചിരുന്നു. ടി യാൻ പരാമർശം **3** പ്രകാരം മറുപടി സമർപ്പിച്ചിരുന്നു ആയതിൽ പരാമർശം പ്രകാരം അവധി അനുവദിക്കുന്നതിന് മുൻപായി അവധിയിൽ പോകരുതെന്ന സേവന ചട്ടങ്ങളെ

കുറിച്ച് അറിയില്ലായിരുന്നുവെന്നും സേവനത്തിൽ തിരികെ പ്രവേശിക്കുവാൻ അനുമതി നൽകണമെന്നുമാണ് ടി യാൻ നൽകിയ മറുപടി. എന്നാൽ അനധികൃതമായി അവധിയിൽ പ്രവേശിച്ചതിനും സേവനത്തിൽ ഹാജരാകാതെ തുടരുന്നതിനും അംഗീകരിക്കത്തക്ക യാതൊരു വാദവും ടിയാൻ ബോധിപ്പിച്ചിട്ടില്ല.

**KS&SSR Part I Rule 2(10)** പ്രകാരം ശ്രീ.ജോൺസൺ അലക്സ് പ്രൊബേഷണർ തന്നെയാണ് . പ്രൊബേഷണറായ ടി വ്യക്തി അനധികൃതമായി ഹാജരാകാതിരിക്കുക വഴി ടിയാളുടെ **work and conduct** തൃപ്തികരമല്ല

മേൽ സാഹചര്യത്തിൽ **1958** ലെ കേരള സ്റ്റേറ്റ് ആൻഡ് സബോഡിനേറ്റ് സർവ്വീസ് റൂൾസിലെ **Part II** റൂൾ **19(a) (ii)** പ്രകാരം പ്രൊബേഷണറായ ശ്രീ.ജോൺസൺ അലക്സ് ന്റെ ക്ലിനിക്കൽ സൈക്കോളജിസ്റ്റ് തസ്തികയിലെ പ്രൊബേഷൻ അവസാനിപ്പിച്ച് സർവ്വീസിൽ നിന്നും നീക്കം ചെയ്ത് ഇതിനാൽ ഉത്തരവാകുന്നു.

ജില്ലാമെഡിക്കൽ ഓഫീസറും സ്ഥാപനമേധാവിയും ആരോഗ്യവകുപ്പ് ഡയറക്ടറുടെ ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിരിക്കുന്ന ഈ ഉത്തരവിന്റെ പകർപ്പ് മേൽ നടപടിയ്ക്കായി ഉപയോഗിക്കാവുന്നതാണ്.

Signed by
Reena K J
Date: 09-06-2025 13:28:58
**ആരോഗ്യവകുപ്പ് ഡയറക്ടർ**

സ്വീകർത്താവ്:-

**Sri.Jhonson Alex**
**Manjakalayil House**
**Muttuchira Post Kottayam**

പകർപ്പ്:-

1..അക്കൗണ്ടന്റ് ജനറൽ (എ&ഇ) തിരുവനന്തപുരം
2.ജില്ലാമെഡിക്കൽ ഓഫീസ്(ആരോഗ്യം) കണ്ണൂർ
3.സൂപ്രണ്ട് ജില്ലാ ആശുപത്രി കണ്ണൂർ
4.സൂപ്രണ്ട്, ഇസി/ഇവി സെക്ഷൻ
5.ഫയൽ/കരുതൽ ഫയൽ